(ഡി) ത്രിവേണി/നീതി/നന്മ സ്റ്റോറുകൾ വിപണനം നടത്തുന്ന വിവിധ അവശ്യ സാധനങ്ങളുടെ മേയ് 2015-ലെ വിലനിലവാരം ചുവടെ പരാമർശിക്കുന്നു :

ക്രമ നമ്പർ	ഇനം	2015 മേയ് മാസത്തെ വില (കി. ഗ്രാമിന്)
1	ജയ അരി	31.00
2	കുത്തരി	32.50
3	പച്ചരി	30.00
4	പഞ്ചസാര	29.00
5	ചെറുപയർ	115.00
6	കടല	66.00
7	ഉഴുന്ന്	128.00
8	വൻപയർ	60.00
9	മല്ലി	126.00
10	തുവരപരിപ്പ്	122.00
11	മുളക്	106.00
12	വെളിച്ചെണ്ണ	145.00

2015 മേയ് മാസത്തിൽ നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ 65525 ഇനത്തിൽപ്പെട്ട മരുന്നുകൾ വിൽപ്പന നടത്തുന്നുണ്ട്. 2881 പേജുകൾ അടങ്ങുന്ന ഇവയുടെ ലിസ്റ്റ് സമർപ്പിക്കുന്നത് പ്രായോഗികമല്ല. ഈ സർക്കാർ അധികാരത്തിൽവരുന്ന അവസരത്തിലും 65525 ഇനത്തിൽപ്പെട്ട മരുന്നുകൾ തന്നെ വിപണനം നടത്തിയിരുന്നു.

(ഇ) 31-5-2015-ലെ സ്റ്റോക്ക് വിവരം ചുവടെ ചേർക്കുന്നു :

ത്രിവേണി	-13.87 കോടി രൂപ
നന്മ സ്റ്റോർ	-7.45 "
നീതി സ്റ്റോറുകൾ	-6.18 "
ആകെ	-27.50 "

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തിരുവേണി/നീതി/നന്മസ്റ്റോറുകൾ

116 (461) <u>ശ്രീമതി കെ. എസ് സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ എത്ര തിരുവേണി /നീതി സ്റ്റോറുകൾ/ നീതി മെഡിക്കൽ/ സ്റ്റോറുകൾ മറ്റു ന്യായവില വിപണന കേന്ദ്രങ്ങൾ എന്നിവ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ ഓരോവർഷവും എത്ര നന്മസ്റ്റോറുകൾ തുറന്നു പ്രവർത്തനം നടത്തി എന്ന് വർഷംതിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ പ്രതിസന്ധി നേരിട്ടതുപ്രകാരം ഓരോ വർഷവും അടച്ച സ്ഥാപനങ്ങൾ ഏതെല്ലാം ; ജില്ല തിരിച്ച് വിശദാംശം നൽകുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ സബ്സിഡി സാധനങ്ങൾ ലഭ്യമല്ല എന്നതുമൂലം അടച്ചുപൂട്ടിയവ ഏതെല്ലാമെന്ന് വിഭാഗം തിരിച്ച് വ്യക്തമാക്കുമോ ; ഇതിനുകാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാം ;

(ഇ) ഇവ തുടർന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാൻ ഇതുവരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 185 തിരുവേണിസ്റ്റോറുകളും 666 നീതി സ്റ്റോറുകളും കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന 86 നീതി മെഡിക്കൽ സ്റ്റോറുകളും സഹകരണ സംഘങ്ങൾ മുഖാന്തരം നടത്തുന്ന 312 നീതി മെഡിക്കൽ സ്റ്റോറുകളും ഉണ്ടായിരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച കൺസ്യൂമർഫെഡ് നന്മ സ്റ്റോറുകളുടെ വർഷം തിരിച്ചുള്ള വിശദാംശം ചുവടെ പരാമർശിക്കുന്നു :

<u>2011-12</u>	<u>2012-13</u>	<u>2013-14</u>
...	653	216